പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 67

11.06.2014- ലെ മറുപടിക്ക്

## ഫുഡ്സേഫ്റ്റി നിയമപ്രകാരം ലൈസൻസും രജിസ്ട്രേഷനും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>" കോടിയേരി ബാലകൃഷ്ണൻ<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>" ആർ. രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നവർക്ക് ഫുഡ് സേഫ്റ്റി നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യാപാരികളെല്ലാം രജിസ്ട്രേഷൻ എടുത്തിട്ടുണ്ടോ; | എ) | നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ മറ്റെന്തെങ്കിലും ലൈസൻസുള്ളവർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന് 2014 ആഗസ്റ്റ് 5 വരെ Food Safety and Standards Authority of India സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്ന മുഴുവൻ വ്യാപാരികളും ഭക്ഷ്യസുരക്ഷാ ലൈസൻസ് കരസ്ഥമാക്കിയിട്ടില്ല. ഇതിനകം 30439 വ്യാപാരികൾ ലൈസൻസും 160365 രജിസ്ട്രേഷനും കരസ്ഥമാക്കിയിട്ടുണ്ട്. |
| ബി) | ലൈസൻസ് നൽകുന്നതിനായി എന്തൊക്കെ നിബന്ധനകളാണുള്ളത്; പരിശോധന നടത്തിയശേഷമാണോ ലൈസൻസും രജിസ്ട്രേഷനും നൽകുന്നത്; | ബി) | 2011ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റെഗുലേഷനിലെ (ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ ഓഫ് ഫുഡ് ബിസിനസ്) അനക്ഷർ 2ൽ ഇത് സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). Food Safety and Standards Authority of India നിർദ്ദേശപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ നൽകുന്നതിന് നിലവിൽ പരിശോധന നടത്തുന്നില്ല. |
| സി) | സംസ്ഥാനത്ത് വ്യാപകമായി ഭക്ഷ്യയോഗമല്ലാത്തതും മായം കലർന്നതുമായ ആഹാര പദാർത്ഥങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | ഇതു തടയാനായി | ഡി) | സംസ്ഥാന വ്യാപകമായി സ്പെഷ്യൽ |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | | സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഈ വർഷം മാത്രം ഇതിനകം 1342 ഭക്ഷ്യവ്യാപാര സ്ഥാപനങ്ങൾ പരിശോധിക്കുകയും 346 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 14 സ്ഥാപനങ്ങൾ അടപ്പിച്ചിട്ടുള്ളതും 1,86,000 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതുമാണ്. കൂടാതെ വെളിച്ചെണ്ണയിൽ വ്യാപകമായി മായം ചേർക്കുന്നുവെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് വെളിച്ചെണ്ണയുമായി സംസ്ഥാനത്തേക്ക് വരുന്ന മുഴുവൻ ലോറികളിൽ നിന്നും സാമ്പിളുകൾ കർശനമായ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമേ നിലവിൽ കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**